THE TRAVANCORE GENERAL SALES TAX BILL— THIRD READING.

HON'BLE MR. A. J. JOHN: I move that the Travancore General Sales Tax Bill be passed subject to the following amendments :—

1. In sub-clause (3) of clause 3 and clauses 10 and 12, for the word "rupees" wherever it occurs, substitute the words "Indian rupees".

2. In clause 11—

(1) in the proviso to sub-clause (1), for the words and figures "not being later than the 1st day of Chingom 1125 as Our Government may direct", substitute the words "as may be prescribed";

(2) In sub-clause (2), for the words and figures "on or after the first day of Chingom 1125" substitute the words "on or after the date prescribed under the proviso to sub-clause (1)".

3. In clause 23—

(1) omit the brackets and figure "(1)" at the beginning; and

(2) substitute the following proviso for sub-clause (2):—

"Provided that in computing the period of limitation under this section, the time taken for obtaining sanction under sub-section (1) of section 22 shall be excluded".

HON'BLE MR. N. KUNJURAMAN: I second the motion.

The motion was put and carried.

The question whether the Travancore General Sales Tax Bill as amended be passed was put and carried.

The Bill was passed.

THE TRAVANCORE VERUMPATTOM HOLDERS' (STAY OF EVICTION PROCEEDINGS) BILL— INTRODUCTION OF—(contd).

MR. PRESIDENT : അടുത്തതായി The Travancore Verumpattom Holders' (Stay of Eviction Proceedings) Bill നെപ്പറ്റിയുള്ള ചർച്ച കഴിഞ്ഞ ദിവസം തുടങ്ങിയതു് തുടരാം.

MR. T. T. KESAVAN SASTRI : ഈ ബില്ലിന്റെ തത്വത്തെ അനുകൂലിച്ചു് ഞാൻ ഇവിടെ പ്രസ്താവിച്ചു. തുടർന്നു് എനിക്കു പറയാനുള്ളതു് ഒരു നിയമം പുതുതായി നടപ്പിൽ വരുത്തുമ്പോൾ നിശ്ചയമായും രാഷ്ട്രത്തിന്റെ സാമൂഹ്യവ്യവസ്ഥിതിയെ സംബന്ധിച്ചിടത്തോളം ഗവണ്മെന്റു് കാര്യമായി പര്യാലോചിക്കണമെന്നാണു്. ഈ ബില്ലിന്റെ അവതരണംകൊണ്ടു ഗവണ്മെന്റു നിശ്ചയമായും ഈ രാജ്യത്തെ സ്ഥിതിഗതികൾ ശരിക്കു മനസ്സിലാക്കിയിട്ടുണ്ടെന്നതന്നെ ഞാൻ വിശ്വസിക്കുന്നു. കടിയിറക്കു നിരോധനബിൽ ഈ സഭയുടെ ഗാഢമായ പര്യാലോചനയ്ക്കു വന്നപ്പോൾ ഭിന്നാഭിപ്രായങ്ങൾകൊണ്ടു് ഇവിടത്തെ അന്തരീക്ഷം മുഖരിതമായി എന്നതു് ഒരു യാഥാർത്ഥ്യംതന്നെയാണു്. ഈ ബിൽ തിരുവിതാംകൂറിലെ ജനങ്ങളുടെ അവഗാഢമായ ശ്രദ്ധയെ ആകർഷിച്ചിട്ടുണ്ടെന്നുള്ള വസ്തുത വിസ്മരിക്കാൻ പാടില്ല.

LIBRARY ARCHIVES Kerala Legislative Assembly

സർ, ഇന്നത്തെ രാഷ്ട്രീയ സ്ഥിതിഗതികളെപ്പറ്റി സൂക്ഷ്മമായി ചർച്ചാലോചിക്കുന്നതായാൽ—പരിശോധിക്കുന്നതായാൽ—ഗണ്യമായ ഒരു പരിവർത്തനഘട്ടത്തിൽ നാമും ഗവണ്മെൻറും എത്തിച്ചേർന്നിരിക്കുന്നു എന്നു കാണാൻ കഴിയും. ഇന്നത്തെ ഗവണ്മെൻറ് ജനങ്ങളുടേതാണെന്നുള്ള വസ്തുത വിസ്മരിക്കുവാൻ പാടുള്ളതല്ല. ഗവണ്മെൻറിന്റെ പേരിനും ഭരണത്തിനും ജനങ്ങളുടെ സഹകരണം ആവശ്യമാണെന്നുള്ള കാര്യവും മറക്കാൻ പാടില്ല. ഭരണം ഗവണ്മെൻറും ജനങ്ങളും സഹകരിച്ചു നടത്തേണ്ടതുതന്നെയാണിരിക്കുമല്ലോ ജനകീയ സിദ്ധാന്തത്തിന്റെ പൊരുതതത്വം.

MR. K. KUTTAPPAN : മെമ്പർ ഈ ബില്ലിനെ അനുകൂലിക്കുകയാണോ പ്രതികൂലിക്കുകയാണോ ?

MR. T. T. KESAVAN SASTRI : അനുകൂലിക്കുന്നു. ഈ ബിൽ സ്ഥാനസ്ഥിതമാണെന്നും ഈ ബില്ലിന്റെ അവതരണം തീർച്ചയായും അതു കൊണ്ടുദ്ദേശിക്കുന്ന പ്രയോജനം ഉണ്ടാകുന്നതാണെന്നും ആണ് എന്റെ അഭിപ്രായം. ഞാൻ ബില്ലിനെ അനുകൂലിച്ചുകൊള്ളുന്നു.

MR. T. A. MOIDEEN KUNJU : സർ, ഞാൻ ഈ ബില്ലിന്റെ തത്വത്തോട് യോജിക്കുകയാണ് ചെയ്യുന്നത്. നെയ്യാറിൻകര കുടിയിറക്കുസംബന്ധിച്ചു ഒരു പ്രമേയം ഞാൻ ഇവിടെ അവതരിപ്പിച്ചപ്പോൾ പ്രധാനമന്ത്രി എന്നോടു പറഞ്ഞത് കുടിയിറക്കുനിരോധനബിൽ ഈ സഭയിൽ അവതരിപ്പിക്കുന്നുണ്ടെന്നും അതു പാസാകുന്നതോടുകൂടി ഇങ്ങനെയുള്ള പരാതികൾക്ക് പരിഹാരം ഉണ്ടാകുന്നതാണെന്നും ആണ്. എന്നാൽ അങ്ങനെ ഒരു ബില്ല് ഇവിടെ അവതരിപ്പിക്കാൻ ഇടയില്ലെന്നാണ് ഞാൻ അറിയുന്നത്.

MR. K. RAMAKRISHNA PILLAI : മെമ്പർക്ക് ഈ വിവരം എവിടെനിന്നും ലഭിച്ചു എന്നറിഞ്ഞാൽ കൊള്ളാം.

MR. T. A. MOIDEEN KUNJU : സർ, എന്റെ അറിവു പരമാർത്ഥമാണെങ്കിൽ കുടിയിറക്കിനെ സംബന്ധിച്ചിടത്തോളം ഈ ബില്ല് യാതൊരുവിധത്തിലും പര്യാപ്തമല്ലെന്നാണ് എനിക്കു പറയാനുള്ളത്.

MR. PRESIDENT : ഇതു കുടിയിറക്കുനിരോധനബിൽ അല്ല. തിരുവിതാംകൂർ വെറുംപാട്ടകുടിയാൻ ബില്ലാണ്.

MR. T. A. MOIDEEN KUNJU : ഏതു ബില്ലായാലും പൊതുജനങ്ങൾക്ക് ഗുണപ്രദമാണോ എന്നാണ് നോക്കേണ്ടത്. സാധുസംരക്ഷണത്തിനുവേണ്ടി വല്ല വ്യവസ്ഥയും ബില്ലിൽ ഉണ്ടോ എന്നാണ് നാം നോക്കേണ്ടത്.

LIBRARY ARCHIVES Kerala Legislative Assembly

HON'BLE MR. A. J. JOHN : കുടിയിറക്കുനിരോധനബില്ലും വെറും പാട്ടകുടിയാൻബില്ലും രണ്ടായിട്ടാണ് അജൻറായിൽ ചേർത്തിരിക്കുന്നത്. ആ സംഗതി അജൻറായിൽ വായിച്ചില്ലേ?

MR. T. A. MOIDEEN KUNJU : ഈ ബില്ലിനെപ്പറ്റി പറഞ്ഞിരുന്നതു് അജൻറായുടെ മുഖവശത്തായിരുന്നതുകൊണ്ടു് ഞാൻ അതു് സൂക്ഷിച്ചില്ല.

MR. P. M. VARGHESE : ഇപ്പോൾ മെമ്പർക്ക് കാര്യം മനസ്സിലായതുകൊണ്ടു് ഇനിയും ഇരിക്കരുതോ?

MR. K. SIVARAMA PILLAI : Is it competent for a member to ask another member to sit?

MR. PRESIDENT : No.

MR. T. A. MOIDEEN KUNJU : സർ, ഈ ബില്ലുകൊണ്ടു് ഉദ്ദേശിക്കുന്ന ഗുണം ഇതിനുണ്ടോ എന്നു ഞാൻ സംശയിക്കുന്നു. ജനങ്ങൾക്ക് പ്രയോജനപ്രദമല്ലാത്ത ഏതുതരത്തിലുള്ള ബില്ലുകൊണ്ടുവന്നു പാസാക്കുന്നതായാലും അതുകൊണ്ടു് ശാന്തതയും സമാധാനവും ഉണ്ടാകയില്ലന്നേ എനിക്കു പറയാനുള്ളൂ.

MR. V. GANGADHARAN NAIR (*Quilon III—General*) : സർ, വെറും പാട്ടകുടിയാൻ ബില്ലിൻെറ തത്വത്തോടു് പരിപൂർണ്ണമായി യോജിക്കാൻ എനിക്കു സന്തോഷമുണ്ടു്. എന്നാൽ ഈ ബില്ലു് പാസ്സാക്കുന്നതോടുകൂടി ബില്ലുകൊണ്ടുദ്ദേശിക്കുന്ന ഗുണം ഉണ്ടാകുമോ എന്നുള്ളതു സംശയാസ്പദമാണു്. അധ്വാനിക്കുന്ന കർഷകരെ സംരക്ഷിക്കുന്നതിനുവേണ്ടിയാണു് ഈ ബിൽ ഇവിടെ അവതരിപ്പിക്കുന്നതു്. എന്നാൽ ഭൂമി നന്നാക്കി വേലചെയ്തു് ആദായകരമായ നിലയിൽ എത്തിച്ചേക്കുന്ന കർഷകനെ ഹാജരില്ലാത്ത കർഷകമുതലാളികളുടെ ചൂഷണത്തിൽനിന്നും രക്ഷിക്കുന്നതിനു ഈ ബിൽ പര്യാപ്തമല്ലെന്നു പറയേണ്ടിയിരിക്കുന്നു. അതുകൊണ്ടു് കർഷകർക്ക് ആശ്വാസം നൽകത്തക്കവണ്ണം ഈ ബിൽ വേണ്ട ഭേദഗതിചെയ്തു് അവതരിപ്പിക്കണമെന്നാണു് എൻെറ അഭിപ്രായം.

MR. P. S. MOHAMMED (*Muvattupuzha I—Muslim*) : കർഷകർക്ക് ആശ്വാസം നൽകത്തക്കവണ്ണം എന്തു നിർദ്ദേശമാണു് മെമ്പർക്കു നൽകാനുള്ളതു്.

MR. V. GANGADHARAN NAIR : അതു പറയണമെന്നുണ്ടെങ്കിൽ പറയാം. ഭൂമി ദേശീയമാക്കുകയും സഹകരണാധിഷ്ഠാനത്തിലുള്ള കൃഷിസമ്പ്രദായം നടപ്പാക്കുകയും ചെയ്യാനുതകുന്ന സാഹചര്യം സൃഷ്ടിക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

പ്പുപ്പാക്കായ നിയമനിർമ്മാണമുണ്ടാക്കാവുന്നതാണ്. അതി വിപ്ലവാത്മകമായ ഒരു ഭ്രാന്തുംകൊണ്ടല്ലാതെ സാധിക്കുകയില്ല. അതായത് വിപ്ലവാത്മകമായ ഒരു ലജിസ്ലേഷനാണ് ഇവിടെ ആവശ്യം. അങ്ങനെ ഒരു ലജിസ്ലേഷനുണ്ടാക്കാൻ ഗവണ്മെൻറു സന്നദ്ധമാകണം.

MR. K. RAMAKRISHNA PILLAI : അത് ഈ സെഷനിൽതന്നെ നിയമമാക്കി പാസാക്കണമെന്നാണോ മെമ്പർ പറയുന്നത്?

MR. V. GANGADHARAN NAIR : ഈ സെഷനിൽതന്നെ പാസാക്കുന്നതുകൊണ്ട് യാതൊരു ദോഷവും വരാൻ പോകുന്നില്ല.

MR. P. BALAKRISHNAN TAMPI (*Mavelikara III—General*) : Sir, I also welcome the introduction of this Bill, if this Bill details the first of a series of innovations that will mark the advent of the new legal knowledge and sociology. I am glad that, without calling it ambitiously as a highly socialistic measure, this Government have brought forward this Bill. At the same time I do not forget the fact that Government have chosen in a haphzard manner only a certain class of people. I do not know which class this Bill is going to benefit. But I do not wish to speak regarding the provisions of this Bill because it is usually not the practice of the same party to oppose or speak against a measure when it is introduced in the House. But in sharing my enthusiasm which my friend, Mr. Gangadharan Nair, that an early legislation should be brought into existence to mark the advent of the people, I say that it is against the precedents that a legislation should be introduced in one session by passing through the three readings in the same session. Now I think it is my duty, as a member who had the privilege of being in the legislature for a number of years, that it is against the Parliamentary practice to allow any Bill to be passed after the three readings in one and the same session. The three readings prescribed for legislative measures are not part of any mystical impression. At a time when only one House of the Legislature votes and when there is no benent of a revising check, certainly there must be sufficient time between the first reading and the second reading as also between the second and the third reading. All over the world people are found to insist on this practice as this is a safeguard against hasty legislation, so that we may give to the country an opportunity to study all the details of the Bill, to understand its repercussions on the existing socialism, I do not want to say anything against the Bill, In fact I cordially welcome it. But I appeal to the Chair not give up the best traditions of the House by allowing a hasty decision. If, at a future time, a legislature of another complexion comes into existence with men who believe in hasty legiseation, who belive in no expression of opinion as it is, a legislature of that complexion may pass a legislation in the course of three hours by finishing all the three readings within that time. But this House should not be

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. Balakrishnan Tampi.]

allowed to create a bad precedent. There is no communist attack here, as in Burma now; nobody has come to the frontiers; there is no occasion in the country, there are no circumstances in the country, which indicate that we are in abnormal times. This is a normal circumstance in which a piece of abnormal legislation, a legislation which infringes upon the civil law, upon a matter of contract or agreement, is not by any means called upon. Is there anything so very urgent? Does this government expect that there will be any attack in the frontier, that there will be any aggression? Then certainly we have to take an urgent legislation even sitting overnight and over a secret session and pass through the Bill.

MR. P. T. CHACKO: ഈ ബില്ലുകൊണ്ടുവന്നിരിക്കുന്നത് സോഷ്യലിസം നടപ്പിലാക്കുമാറാണെന്നറിയാമോ?

MR. P. BALAKRISHNAN TAMPI: That is a brand of socialism which public speakers often refer to in the course of meetings, for rhetorical effect, and which is not seriously taken by the legislature.

MR. V. K. VARGESE (*Pathanamthitta III—General*): ഒരേ സിറ്റിംഗിൽതന്നെ മൂന്നു വായനയും കഴിച്ചു ബില്ലുകൾ പാസ്സാക്കിയിട്ടുണ്ടെന്നറിയാമോ?

MR. P. BALAKRISHNAN TAMPI: There had been sessions in every legislature when the three readings have been gone through in the course of a day. But the only question is, the circumstances of today do not warrant any violent departure from established Parliamentary practice. I am not speaking of this Bill, I am not referring to the clause of this Bill. I am only referring to the Parliamentary proceedings.

One party may be in power and another party may be in a minority today, but suppose all the members of this House belong to one party except one, even then, the privileges of that one member should be zealously guarded by all of us including the Chair. Therefore, I appeal to the Chair not to allow any hasty legislation when conditions do not warrant any deviation from law.

MR. ABDUL AZIZ (*Trivandrum I—General*): വളരെ ഉപദ്രവകരമായനിലയിൽ നടന്നുകൊണ്ടിരിക്കുന്ന വസ്തുകൈമാറ്റത്തിനെ താൽക്കാലികമായിട്ടു നിറുത്തിവയ്ക്കുന്നതിന് ഒരു നിയമം വേണമെങ്കിൽ അതു് എത്ര മാസത്തിനു മുമ്പു് കൊണ്ടുവരണമെന്നാണു് അംഗങ്ങൾ ഉദ്ദേശിക്കുന്നതു്?

MR. P. BALAKRISHNAN TAMPI: I refuse to be drawn into the merits of this question. The matter may be very necessary-in fact it is very necessary-but even for essential matters, this House should, in my humble submission, never allow itself to be deflected from

LIBRARY ARCHIVES Kerala Legislative Assembly

the normal procedure of law. I am not speaking for today or for tomorrow, I am not speaking merely for this session or the next but for the sake of keeping up the best traditions for straight, well thought out legislation, I would appeal to the Chair not to be persuaded to allow this measure to be passed in the course of 4 hours or 48 hours.

MR. K. K. CHELLAPPAN PILLAI (*Mavelikara II—General*) : സർ, ഈ ബില്ലിന്റെ പൊതു തത്വത്തെ അനുകൂലിക്കാത്തവരായി ആരും തന്നെ കാണാനിടയില്ലെന്നുള്ളതു് നിസ്തർക്കമാണു്. കൃഷിചെയ്യുന്നവനു ഭൂമി എന്ന പൊതുതത്വം പക്ഷെ എന്റെ പിൻതുണ വിശദാംശങ്ങളിലേക്കു് സംക്രമിപ്പിക്കാൻ നിവർത്തിയില്ല. എന്റെ സ്നേഹിതൻ മി. ബലകൃഷ്ണൻതമ്പി പറഞ്ഞതുപോലെ ഒരു ബിൽ ഒരേ സിറ്റിങ്ങിൽ തന്നെ പാസ്സാക്കരുതു്, പാസ്സാക്കിയാൽ പിശകുണ്ടാകുമെന്നു പറയുന്നതിനോടു യോജിക്കാൻ നിവർത്തിയില്ല. വളരെ അത്യാവശ്യമായ ഏതു സംഗതിയും പൊതുജനങ്ങൾക്കു് സഹായകരമായതും അവരുടെ അഭിവൃദ്ധിക്കു് ഗുണകരമായതുമായ ഏതൊരു സംഗതിയും, തക്കമില്ലാത്ത പക്ഷം എത്ര എളുപ്പത്തിൽ പാസ്സാക്കാമോ അത്രയും എളുപ്പത്തിൽ പാസ്സാക്കണമെന്നുള്ള അഭിപ്രായത്തോടു യോജിക്കാത്തവരായി ആരും കാണുകയില്ല. പക്ഷെ ഈ ബിൽ യാതൊരു തക്കവും ഇല്ലാത്തതാണെന്നോ ജനങ്ങളെല്ലാം അനുകൂലിക്കുന്നതാണെന്നോ ഉള്ള ബോദ്ധ്യം ഗവണ്മെൻറിന് ഉണ്ടായിട്ടുണ്ടോ എന്നുള്ള ചോദ്യവും വളരെപ്പേർ ഇവിടെ ഉന്നയിച്ചിട്ടുണ്ടു്. ഇന്നത്തെ പരിതസ്ഥിതികളിൽ, നിർഭാഗ്യവശാൽ എന്നതന്നെ പറയാം, ഏതൊരു സംഗതിയും സാമുദായികതലത്തിൽ അല്ലെങ്കിൽ കക്ഷിതിരിഞ്ഞോ വ്യക്തിപരമായോ ഉള്ള നിലകളിൽനിന്നുകൊണ്ടു വീക്ഷിക്കുന്നതുനിമിത്തം ഏതൊരു പ്രശ്നത്തെപ്പറ്റിയും ശരിയായി വിചിന്തനം ചെയ്യാനുള്ള തുണി നമുക്കു നശിച്ചിരിക്കുന്നു എന്നു തന്നെപറയാം.

MR. P. BALAKRISHNAN TAMPI : On a point of order. The honourable member must be asked to withdraw that reflection on the House. It may be auto-biographical but should not be mentioned in this House

MR. K. K. CHELLAPPAN PILLAI : സർ, ഏതൊരു സംഗതിയുടെയുമെപോലെ പ്രത്യേകം വിഭാഗീയമായ ഒരു ചിന്താഗതിയിൽക്കൂടിയല്ലാതെ ചർച്ചചെയ്യാൻ കഴിയാതിരിക്കത്തക്കവണ്ണമുള്ള ഒരു പശ്ചാത്തലം ഇവിടെ സൃഷ്ടിക്കപ്പെട്ടിട്ടുണ്ടു്. അങ്ങനെയുള്ള പരിതസ്ഥിതികളാണു് ഇവിടെ സംജാതമായിട്ടുള്ളതു്. ആ വീക്ഷണഗതി ഈ

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. K. Chellappan Pillai.]

ബില്ലിനെ സംബന്ധിച്ചും ഉണ്ടാകാതെതരമില്ലെന്നു് വന്നിരിക്കുന്നു. അതുകൊണ്ടു് ഒരു ശാസനത്തിൽ പാസാക്കാൻ തുനിയാതെ ഇതു സെലക്ട് കമ്മിറ്റിയിൽ അയക്കണമെന്നാണു് എനിക്കു പറയാനുള്ളതു്. കൃഷിചെയ്യുന്ന ആളുകൾക്കു് ഭൂമി സ്വന്തമാക്കിക്കൊടുക്കണമെന്ന ഒരു വലിയ തത്വത്തെ ആസ്പദമാക്കിയാണു് ഈ ബിൽ ഇവിടെ കൊണ്ടു വന്നിരിക്കുന്നതെന്നു പറഞ്ഞുവല്ലോ.

MR. K. P. NILAKANTA PILLAI That is not the principle of this Bill.

MR. K. K. CHELLAPPAN PILLAI ഞാൻ പറഞ്ഞതു എന്റെ അഭിപ്രായമാണു്. ഈ ബിൽ അതിനുദ്ദേശിച്ചിട്ടുള്ളതല്ലെന്ന വാദത്തിനു വേണ്ടി സമ്മതിച്ചാൽ തന്നെയും അങ്ങിനെ ഒരു നിയമനിർമ്മാണം ഇവിടെ കൊണ്ടുവരാനുള്ളതിന്റെ മുന്നോടിയാണെന്നാണു് എന്റെ അഭിപ്രായം. പക്ഷെ തിരുവിതാംകൂറിലെ സ്ഥിതിഗതികളിൽ ഈ ബില്ലുകൊണ്ടു് എത്രപേർക്കു് ദോഷമുണ്ടാകുമെന്നും എത്രപേർക്കു ഗുണമുണ്ടാകുമെന്നുമുള്ളതിനെപ്പറ്റി ഇതിന്റെ പ്രയോക്താക്കൾ ആലോചിച്ചിട്ടില്ലെന്നു പറയേണ്ടിയിരിക്കുന്നു. തിരുവിതാംകൂറിലെ ആളുകളിൽ അധികവും ഇടത്തരക്കാരായ കൃഷിക്കാരാണു്.

MR. T. A. ABDULLA : തിരുവിതാംകൂറിൽ പട്ടിണിപ്പാവങ്ങളാണോ അതോ ഇടത്തരക്കാരാണോ കൂടുതലുള്ളതു ?

MR. K. K. CHELLAPPAN PILLAI : ഇടത്തരക്കാരാണെന്നാണു് ഞാൻ മനസ്സിലാക്കിയിരിക്കുന്നതു്.

MR. ABDUL AZIZ : തിരുവിതാംകൂറിലെ ൯൫ ശതമാനം ആളുകളും പട്ടിണിപ്പാവങ്ങളാണെന്നല്ലേ ബഹുമാനപ്പെട്ട മെമ്പർ ഇതിനുമുമ്പു പല പ്പോഴും പ്രസംഗിച്ചിട്ടുള്ളതു്.

MR. K. K. CHELLAPPAN PILLAI : ൯൫ ശതമാനം ആളുകളും പട്ടിണിപ്പാവങ്ങളാണെന്നു് ഞാൻ പറഞ്ഞിട്ടില്ല. ഇടത്തരക്കാരും പട്ടിണിയിലാണെന്നു് ഞാൻ പറഞ്ഞിട്ടുണ്ടു്.

MR. P. S. MUHAMMED : ഇടത്തരക്കാരിൽ പട്ടിണിക്കാരെത്ര ഉണ്ടെന്നു പറയാമോ?

MR. K. K. CHELLAPPAN PILLAI : പലരുമുണ്ടായിരിക്കാം.

MR. C. KESAVAN (*Quilon I—General*) : ഒരു ദിവസം പട്ടിണി കിടന്നാൽ പട്ടിണിപ്പാവം ആകുമോ?

LIBRARY ARCHIVES Kerala Legislative Assembly

MR. K. K. CHELLAPPAN PILLAI : അങ്ങനെയല്ല. തിരുവിതാംകൂറിലെ അധികമാളുകളും രണ്ടോമൂന്നോ ഏക്കർ നിലമോ പുരയിടമോ ഉള്ള ഇടത്തരക്കാരാണ്. കുറച്ച നിലമോ പുരയിടമോ മാത്രമുള്ള പലയാളുകളും സഹകൃത്തിനു അയൽക്കാരനെ പാട്ടം ഏൽപ്പിച്ചിട്ട് വല്ല ഉദ്യോഗത്തിനോ മദ്രാസ പോകുന്നതു സാധാരണമാണ്. അങ്ങിനെയുള്ളവർ കുറെക്കാലം കഴിഞ്ഞു തിരികെ വരുമ്പോൾ വസ്തു ഒഴിഞ്ഞുകൊടുക്കേണ്ട എന്നാണ് വരുന്നതു്.

MR. T. A. ABDULLA : ഭൂമി ഉള്ളവരാണോ ഇല്ലാത്തവരാണോ കൂടുതൽ?

MR. K. K. CHELLAPPAN PILLAI : ഭൂമിയില്ലാത്തവർ ൨ ൦ ലക്ഷത്തോളം ഉണ്ടെന്നാണ് കാണുന്നതു്. ബാക്കിയുള്ള ആളുകളെല്ലാം കുറേയെങ്കിലും ഭൂമി ഐകവശമുള്ളവരാണെന്നാണ് ഞാൻ മനസ്സിലാക്കുന്നതു്.

MR. K. A. GANGADHARA MENON : ൨ ൦ ലക്ഷം ഭൂമി ഇല്ലാത്തവരുണ്ടെന്നു പറഞ്ഞതു ഏതു കണക്കുവച്ചാണ്.

MR. K. K. CHELLAPPAN PILLAI : മുമ്പൊരിക്കൽ ഭൂമി ശിഥിലീകരണത്തെ തടയുന്നതിനുള്ള മാർഗ്ഗങ്ങളെപ്പറ്റി അന്വേഷിക്കുന്നതിനു ഒരു കമ്മിറ്റിയെ നിയമിച്ചിട്ടുണ്ടായിരുന്നു. ആ കമ്മിറ്റി തയ്യാറാക്കിയിട്ടുള്ള കണക്കുകളിൽനിന്നുമാണ് ഞാൻ ഇതു് മനസ്സിലാക്കിയിട്ടുള്ളതു്. അതു് സാമാന്യമായ ഒരു കണക്കാണ്.

അങ്ങിനെ രണ്ടോ മൂന്നോ ഏക്കർ നിലമോ പുരയിടമോമാത്രം ഉണ്ടായിരിക്കുകയും അതു പാട്ടത്തിനു കൊടുക്കുന്നതു സാധാരണ പതിവായിരിക്കുകയും ചെയ്യുന്ന ഈ രാജ്യത്തെ പരിതഃസ്ഥിതികൾ നോക്കുമ്പോൾ ഈ ബില്ലു് എത്രപേരെ ഏതെല്ലാം വിധത്തിൽ ബാധിക്കുമെന്നു് ആലോചിച്ചുനോക്കാതെയും അന്വേഷണം നടത്താതെയും ഇതു തിടുതിയിൽ ഇതു മുന്നോട്ടുകൊണ്ടുപോയി പാസാക്കേണ്ടതല്ലെന്നതന്നെ ഞാൻ പറയുന്നു. ഈ ബില്ലിൽ ആശാസകരമായി എന്തെങ്കിലും ഉണ്ടെങ്കിൽ അതു് ഒരു കൊല്ലത്തേക്കു മാത്രമെ ഈ പാട്ടമൊഴിപ്പിപ്പു് നിരോധിക്കുന്നുവെന്നുള്ള വ്യവസ്ഥ മാത്രമാണ്. ഒരു പുരയിടമോ ഒരു നിലമോ പാട്ടം കൊടുത്തിട്ടു ഉദ്യോഗത്തിനുപോയാൽ അവർ തിരിച്ചെല്ലുമ്പോൾ വീട്ടിൽ കയറാൻ പാടില്ലെന്നുവന്നാൽ...

MR. ABDUL AZIZ : അങ്ങിനെ പാട്ടം കൊടുത്തിട്ടു ഉദ്യോഗത്തിനുപോകുന്ന ആളുകൾ എത്ര ശതമാനം കാണുമെന്നു പറയാമോ?

LIBRARY ARCHIVES Kerala Legislative Assembly

MR. K. K. CHELLAPPAN PILLAI : അതിന്റെ ശതമാനക്കണക്കൊന്നും എനിക്കറിയാൻ പാടില്ല. അങ്ങിനെ ധാരാളമാളുകൾ ഉണ്ട്. ക്രടാതെ കൃഷി ചെയ്യാൻ മനസ്സുണ്ടെങ്കിലും മറ്റു പരിതസ്ഥിതികൾ പ്രതികൂലമായതുകൊണ്ട് കൃഷിചെയ്യാൻ കഴിയാതെ പണം ക്രടുതലുള്ള ആളുകൾക്ക് പാട്ടത്തിന് കൊടുക്കുന്ന നിസ്സഹായത്വം വളരെ ഉണ്ട്.

MR. ABDUL AZIZ : ഭൂരിപക്ഷമാളുകളും അങ്ങിനെയാണോ?

MR. K. K. CHELLAPPAN PILLAI : അതെനിക്ക് അറിയാൻ പാടില്ല. മെമ്പർ അങ്ങിനെ മനസിലാക്കിയിട്ടുണ്ടെങ്കിൽ അതു പറഞ്ഞാൽ ഞാനും മനസ്സിലാക്കിക്കൊള്ളാം. ഇതിന്റെ കണക്ക് എനിക്കോ നിങ്ങൾക്കോ അറിയാൻ പാടില്ലാത്ത ഒരവസ്ഥയിൽ കണ്ണുമടച്ച് ഒരു ബിൽ പാസ്സാക്കുന്നതാണ് തെറ്റ്. ഏതായാലും ഈ ബില്ലിനെ സംബന്ധിച്ച് സാമാന്യജനങ്ങൾക്ക് വളരെ ഭയം ഉണ്ടായിട്ടുണ്ടെന്നു പറയാതെ തരമില്ല.

MR. T. A. ABDULLA : ഈ ബില്ല് പരസ്യം ചെയ്തിട്ട് എത്ര കാലമായെന്നറിയാമോ?

MR. K. K. CHELLAPPAN PILLAI : പരസ്യം ചെയ്തത് എന്നാണെന്ന് എനിക്കോർമ്മയില്ല.

ജനങ്ങൾക്ക് ഏതായാലും ഈ നിയമത്തെക്കുറിച്ച് ഭയമുള്ളപ്പോൾ ഇതിനെപ്പറ്റി വേണ്ടവണ്ണം അന്വേഷിച്ചും ആലോചിച്ചും ആവശ്യമായ ഭേദഗതികൾ നിശ്ചയമായും വരുത്തണമെന്നാണ് എന്റെ അഭിപ്രായം. അതിനുള്ള സമയം അനുവദിക്കണം. അതുക്രടാതെ സാധാരണക്കാരന് എത്ര ഭൂമി കൈവശം വച്ചുകൊണ്ടിരിക്കാനുള്ള അവകാശം ഉണ്ടെന്നതിനെ നിർണ്ണയിക്കേണ്ട സമയവും സമാഗതമായിട്ടുണ്ട്. ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സ് ഡാക്ടർ ജെ. സി. കുമരപ്പയുടെ നേതൃത്വത്തിൽ ഒരു അഗ്രേറിയൻ കമ്മിറ്റിയെ നിയമിച്ചിട്ടുണ്ട്. സെമിന്ദാരി സമ്പ്രദായം നിറുത്തലാക്കുന്നതിനും ഭൂമിയുടമയുടെ പരിധി നിർണ്ണയിക്കുന്നതിനും മറ്റുമാണ് ആ കമ്മിറ്റിയെ നിയമിച്ചിട്ടുള്ളത്. ആ കമ്മിറ്റി ഇടയിടെ മദ്രാസിൽ വന്നപ്പോൾ അതിന്റെ ചെയർമാനായ ഡാക്ടർ കുമരപ്പ പ്രസ്താവിച്ചതു സെമിന്ദാരി സമ്പ്രദായം നിറുത്തലാക്കുന്നതുകൊണ്ടുമാത്രം ഇവിടത്തെ പ്രശ്നങ്ങൾ പരിഹരിക്കപ്പെടാൻ പോകുന്നില്ലെന്നും അതോടൊപ്പംതന്നെ ഭൂമിയുടമയുടെ പരിധി നിർണ്ണയിച്ചെങ്കിൽ മാത്രമെ കാര്യമാകുകയുള്ളുവെന്നുമാണ്. ഇതെല്ലാം വച്ചുകൊണ്ട് എനിക്കു പറയാനുള്ളത് സാമാന്യജനങ്ങൾക്ക് ഭയം വരുത്തക്കവണ്ണവും എന്നാൽ ദോഷമൊന്നുമുണ്ടാകാതിരിക്കുത്തക്കവണ്ണവും ഈ ബിൽ സെലക്ട് കമ്മിറ്റിയിൽ വേണ്ടവണ്ണം പര്യാലോചിച്ച് ഭേദഗതി ചെയ്യണമെന്നാണ്.

LIBRARY ARCHIVES Kerala Legislative Assembly

MR. A. NESAMONY: I move that the question may be put.

MR. P. S. NATARAJA PILLAI (*Trivandrum V—General*): Before that, I may point out that my friend is not in order in moving that.

HON'BLE MR. N. KUNJURAMAN: I rose up before the closure motion was brought.

MR. PRESIDENT: The closure is already moved for.

MR. N. D. JOSE: Is it open to a member of this House to move a closure motion on a bill when members are talking on a bill?

MR. PRESIDENT: Mr. Jose is correct.

MR. P. KUNJUKRISHNAN (*Quilon II—General*): സർ, ഈ ബില്ലിന്റെ തത്വത്തോട് ഞാൻ അനുകൂലിക്കുന്നു. ഈ രാജ്യത്തെ കൃഷി ചെയ്യുന്ന കൃഷിവലന്മാരുടെ പ്രയാസങ്ങളെ കുറയ്ക്കുന്നതിനും അവർക്ക് കഴിവുള്ളിടത്തോളം സഹായങ്ങൾ ചെയ്തുകൊടുക്കുന്നതിനും ഉദ്ദേശിച്ചിട്ടുള്ളതാണു ഈ ബില്ലെന്നു ഞാൻ കരുതുന്നു. ഈ ബില്ലുകൊണ്ടു തൽക്കാലം വസ്തു ഒഴിപ്പിക്കൽ കുറച്ചുസമയത്തേയ്ക്ക് നിറുത്തിവയ്ക്കുന്നു എന്നേയുള്ളൂ. അങ്ങിനെ അടിയന്തിരമായ ഒരു ആവശ്യം ഈ രാജ്യത്തു നിലവിലുണ്ടെന്നും നമുക്കറിയാം. അതുകൊണ്ട് ഈ ബിൽ ഈ നിയമ സഭയിൽത്തന്നെ പാസാക്കിയാലും വലിയ ദോഷമൊന്നും വരാനില്ലെന്നാണ് എന്റെ അഭിപ്രായം. ഇതിനു അനുബന്ധമായി വരാനിരിക്കുന്ന സ്ഥിരമായ ഒരു നിയമം ഉണ്ടാകുമ്പോൾ അതിന്റെ എല്ലാ വശങ്ങളെപ്പറ്റിയും വിശേഷിച്ചും ഭൂമിയെ കൈകാര്യം ചെയ്യുന്നവരെ സാരമായി സ്പർശിക്കുന്ന ഒരു നിയമമായതുകൊണ്ടു അതിന്റെ എല്ലാ വശങ്ങളെപ്പറ്റിയും അവഗാഢമായി ആലോചിച്ചുതന്നെ ഒരു നിയമം കൊണ്ടുവരേണ്ടതും പാസാക്കേണ്ടതും ആണെന്നാണ് എനിക്കു പറയാനുള്ളതു്. അതേ അവസരത്തിൽത്തന്നെ ഈ ബില്ലിന്റെ ന്യൂനതകളെപ്പറ്റി ബഹുമാന്യന്മാരായ മെമ്പറന്മാർ സൂചിപ്പിച്ച കാര്യങ്ങൾ പ്രത്യേകമായി നാം ഗൗനിക്കേണ്ടതുമാണ്. ഒന്നരണ്ടു കാര്യങ്ങളാണ് എനിക്കു ഇതു സംബന്ധിച്ചു പറയാനുള്ളതു്. ഫറ കൊല്ലം തുടർച്ചയായി വസ്തു കൈവശമിരിക്കുന്ന പാട്ടക്കാരനെ മാത്രമല്ല പല കൈമറിഞ്ഞു ഫറ കൊല്ലം പാട്ടത്തിലിരിക്കുന്ന വസ്തുക്കളുടെ കൈവശക്കാർക്കും ഈ സൗജന്യമുണ്ടാകണമോ എന്നു നാം പ്രത്യേകം ഗൗനിക്കേണ്ടതാണ്. ഒരാൾ ഫറ കൊല്ലമോ അതിൽ കൂടുതലോ ഒരു വസ്തു സ്ഥിരമായി കൈവശംവച്ചു് ഭേദണ്ഡിച്ചും കുടികെട്ടിപ്പാർത്തും വരുകയാണെങ്കിൽ അയാളെ ഒഴിപ്പിക്കുന്നതുകൊണ്ടു അയാൾക്ക് വളരെ കഷ്ടതകളും

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. Kunjukrishnan]

പ്രയാസങ്ങളും ഉണ്ടാകും എന്നാൽ ഫ വ വർഷക്കാലം മാറിമാറി ഫ വ ആളുകളുടെ കയ്യിലിരുന്ന് അതുകൊണ്ട് പ്രത്യേകമായ താൽപ്പര്യങ്ങളോ ദേഹണ്ഡങ്ങളോ ഇല്ലാത്ത വസ്തുക്കളെ സംബന്ധിച്ച് ഈ സൗജന്യങ്ങൾ അനുവദിക്കണമോ എന്നുള്ളതും നാം ഗൗനിക്കേണ്ട ഒരു കാര്യമാണ്. പിന്നൊന്ന് ഈ ബിൽ അനുസരിച്ച് കിട്ടുന്ന സൗജന്യം വാസ്തവത്തിൽ സാധുക്കളായ ആളുകൾക്കുതന്നെ കിട്ടണമെന്നുള്ളതാണ്. വലിയ സമ്പന്നന്മാരും ഭൂസ്വത്തുള്ളവരുമായ ആളുകൾ പാട്ടക്കാരായിരിക്കുന്ന സന്ദർഭങ്ങളിൽ അവർക്ക് ഈ ബില്ലനുസരിച്ചുള്ള സൗജന്യങ്ങൾ ലഭിക്കാനുള്ള സൗകര്യം ഉണ്ടായിരിക്കരുത്. കുറച്ചു നിലമോ പുരയിടമോ മാത്രമുള്ളവർ പാട്ടം കൊടുത്തിരുന്നാൽ അതു ഒഴിപ്പിച്ചെടുക്കുന്നതിനും വ്യവസ്ഥ ഉണ്ടായിരിക്കണം. ഇങ്ങനെ പല കാര്യങ്ങളും നമുക്ക് ചിന്തിക്കേണ്ടതായുണ്ട്. വിശേഷിച്ചും നമ്മുടെ രാജ്യത്തുവരാൻപോകുന്ന സാമ്പത്തികസമീകരണത്തിന്റെ ഭൂസംബന്ധമായ സമീകരണത്തിന്റെയും ഒരു മുന്നോടിയായിട്ടാണ് ഇതിനെ നാം പരിഗണിക്കേണ്ടതു്. ഇതു് താൽക്കാലികമായ ഒരു സ്റ്റേ നടപടിയാണെങ്കിലും ഇതിൽനിന്നും പലതും വരാനിരിക്കുന്നുവെന്നു നമുക്കു പ്രതീക്ഷിക്കാം. അതുകൊണ്ടു നാം വളരെ ബുദ്ധിപൂർവ്വവും ശ്രദ്ധാപൂർവ്വവും കൈകാര്യം ചെയ്യേണ്ട ഒരു നിയമമാണിതു്. ഇതോടുകൂടി എനിക്ക് വേറൊരുകാര്യം പറയാനുള്ളതു് അഞ്ചിൽ രണ്ടു പാട്ടം, പെരുംപാട്ടം, സഞ്ചായപാട്ടം, വെൺപാട്ടം എന്നിങ്ങനെയുള്ള പേരുകളിൽ അറിയപ്പെടുന്ന പാട്ടഭൂമികളേയുംകൂടി ഈ ബില്ലിന്റെ പരിധിയിൽ ഉൾപ്പെടുത്തണമെന്നാണ്. കാണപ്പാട്ടഭൂമികളെ സംബന്ധിച്ച് മുമ്പുതന്നെ നിയമങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. ഇതും വെറുംപാട്ടത്തെ സംബന്ധിക്കുന്ന ഒരു നിയമമാണ്. ഈ ഭൂമികളിലെ പാട്ടക്കാർ വളരെ വൈഷമ്യങ്ങൾ അനുഭവിക്കുന്നുണ്ട്. പെരുമ്പാട്ടം ഇനത്തിൽപ്പെട്ട ധാരാളം ഭൂമി കൊല്ലത്തു പെരുമൺ എന്ന സ്ഥലത്തുണ്ട്. അവിടെ അസംഖ്യം കുടിയാന്മാരെ ഒഴിപ്പിക്കുന്നതിനുള്ള കേസുകൾ കൊല്ലം മൻസിഫ കോടതിയിൽ വിധിനടത്തിൽ ഇരിക്കുന്നുണ്ട്. അതുകൊണ്ട് അങ്ങനെയുള്ള കുടിയാന്മാരേയുംകൂടി ഈ ബില്ലിന്റെ പരിധിയിൽ ഉൾപ്പെടുത്തണമെന്നാണ് ബഹുമാനപ്പെട്ട നിയമവകുപ്പുമന്ത്രി അവർകളോടുള്ള എന്റെ അപേക്ഷ. അതുപോലെതന്നെ ഒറ്റി വസ്തുക്കളെക്കൂടി ഇതിൽ ഉൾപ്പെടുത്തണമെന്നുള്ള ഒരു നിർദ്ദേശവും ഇവിടെ വന്നിട്ടുണ്ട്. ആ നിർദ്ദേശത്തോടു ഞാൻ

LIBRARY ARCHIVES Kerala Legislative Assembly

യോജിക്കുന്നില്ല. അതു പൗരന്മാരുടെ സ്വാതന്ത്ര്യത്തെയും മറും അനിയന്ത്രിതമായി നിയന്ത്രിക്കുന്ന ഒരു സംഗതിയാണ്. ഇവകകാര്യങ്ങളെല്ലാം പ്രത്യേകം ഗൗനിക്കേണ്ടതാണ്. ഇതുയും പറഞ്ഞുകൊണ്ടും ഞാൻ മേല്പറഞ്ഞ നാല തരത്തിലുള്ള പാട്ടക്കാരേയുംകൂടി ഇതിൽ ഉൾപ്പെടുത്തണമെന്നു അപേക്ഷിച്ചുകൊണ്ടും വിരമിച്ചുകൊള്ളുന്നു.

MR. K. P. NILAKANTA PILLAI : ഈ അഞ്ചിൽ രണ്ടു പാട്ടമെന്നു പറയുന്നതു കേറിയല്ലേ?

MR. P. KUNJUKRISHNAN : ഏതാണ്ടു കേറിപോലെയാണെങ്കിലും കുറച്ചു വ്യത്യാസമുണ്ട്.

MR. P. S. NATARAJA PILLAI: Sir, this bill is intended for the stay of eviction proceedings. It means the suspension of the civil law and the proprietary right over property. In the statement of objects and reasons it is said that there is widespread complaint that the suits for the eviction of verumpattom holders are on the increase. I do not find anywhere in the statement whether that complaint has been enquired into and that the Government have come to a conclusion on that. We very often hear complaints in this country but whether they have been actually enquired into and whether any data are available as to the increase of eviction suits are matters for consideration. I seriously ask the Government whether there is a perceptible increase in the percentage of eviction suits before the courts today? Ordinarily evictions proceedings are started in civil courts and I do not know whether there have been an abnormal increase of such suits pending before the courts now and whether there was any enquiry into that matter by Government? I also want to know whether there is any data in their possession on the matter. As far as my remembrance goes, we got no such information from the honourable mover of this bill. It is stated that it is their intention not to cause unnecessary hardship to the cultivating tenant and for that suspension of the process of eviction is necessary. The matter cannot be allowed to continue. I seriously ask of Government, if a Bill like this is brought before the House and passed, does the Government think that it will relieve the unnecessary hardship of the cultivating tenant? While bringing such a measure the Government ought to have made provisions for protecting the interests of the holder as well. Whether the present bill has been framed from that standpoint of equal justice is a matter for consideration. I think that the unnecessary hardship that is being suffered by the cultivating tenant must be redressed but at the same time, there is an equal responsibility for this House to give all legitimate protection to the land holders for they are aslo citizens of the State. I would now ask whether there

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. S. Nataraja Pillai]

is any provision to that effect in this bill? Despite my earnest endeavour to find it out, I failed in the attempt. A proviso to Clause 4 reads thus:

> "Provided that the stay of proceedings for eviction shall not preclude Our courts from granting any other reliefs to which a plantiff may be entitled in the suit or under the decree including the relief for the recovery of arrears of rent and other dues in respect of the holding."

My point is where there is no relief other than eviction what is the compensation provided? If the courts did not grant any other relief and if a person thinks in the present food scarcity he will be able to cultivate and make more out of that land what is the remedy? Have such matters been provided for under this bill? Say a man is an owner of 1 acre of paddy land and had leased it out. But in the present context of food scarcity in the county it would be advantageous for him to cultivate it himself and suppose he wanted to get possession of that. Conceive the position that the lease holder was obdurate and said that he is not prepared to surrender the land. Naturally a suit will be filed and the decree orders that the land should be handed back. Because of the fact that there was no contract to pay increased lease the court could not afford any other relief. The only relief would be to hand back the land to the owner. In that circumstance what is the protection that is being granted to the land owner? Merely for the sake of being a land holder, should he be asked to undergo hardship by a legislation of this nature? That aspect of the matter deserves consideration at the hands of all in this House. Sir, this is not a measure to give protection to the homeless or the landless. Here the question at issue is for suspending the ordinary civil law for a particular period so as to give relief to whom I do not know. If no hardship to the cultivating tenant is to be caused, and if the cultivating tenant is to get security of tenure, he should not be ousted from the holding at the will and pleasure of the land holder, I can quite appreciate that. There are big land holders and the question of giving out on lease and making profit by the absentee landlord.....

MR. K. A. GANGADHARA MENON (*Nedumangad I—General*): Is it the member's opinion that the scope of the present bill should be widened?

MR. P. S. NATARAJA PILLAI: I say that the bill is defective and it does not give relief to the ordinary man or for anybody. But on the other hand unnecessary hardship tothe tenant and landlord and as well to the ordinary man. That is my position. There ought to be a land policy before we legislate on that. We hear so much about land policy in this land from the members of this House and

LIBRARY ARCHIVES Kerala Legislative Assembly

others. I ask, has this problem been studied by Government? Is there any reliable statistics on the matter? Is there an organised statistical department for this Government to collect the necessary facts? Without all these things, how then are we to proceed to the generalisations? I enquire how vague generalities will help us? What is the percentage of land owned by big land-holders? What is the extent of the small holdings? What is the extent of hardship suffered by the cultivating tenant?

MR. K. A. GANGADHARA MENON: May I know, does this bill seek to confer any right?

MR. P. S. NATARAJA PILLAI: No. That is my complaint. This bill wants to suspend the operation of the ordinary civil law and does not go beyond that. Why I ask. The position is that the man cultivating the land is asked not to surrender it.

My friends will all agree that in the present economic circumstances cultivation of paddy lands is more profitable than it was previously. Suppose a man wants to cultivate the land himself and he requires that land for that purpose, can we in justice deny that? Is it not injustice? This is just the aspect I want the House to consider. Another point I wish to urge is this. In the areas in which I have some knowledge, leasing out the paddy land is adopted simply to counteract the evil effects of fragmentation. Say, a person has half an acre or so. In the Nanjinad area, an owner of such a piece of land will find it difficult and costly to cultivate it himself. The nearby land owner having larger areas and having lands continuous to this bit can cultivate it more economically and profitably. On that ground he might have leased it for a number of years to a particular man for cultivation. In the present economic conditions as I explained, suppose the man who has leased the bit thinks to cultivate it himself. If such a owner wants to take back the land for cultivating it himself, this bill refuses to give effect to that legitimate desire. It says that the bigger land holder with a greater area shall continue in possession of the land.

MR. K. A. GANGADHARA MENON: Is there any principle like that in this bill?

MR. P. S. NATARAJA PILLAI: It is said that possession should not be disturbed for 6 months.

DR. M. O. CHERIYAN: Does it mean freezing of land transaction in the State for the next 6 months?

MR. P. S. NATARAJA PILLAI: All that, I do not know. The effect will be this.

The House adjourned for lunch at 1 p. m. and reassembled at 2 p. m. with the President in the Chair.

LIBRARY ARCHIVES Kerala Legislative Assembly

MR. P. S. NATARAJA PILLAI : Sir, I was saying that this Bill is envisaged as a temporary measure for a period of one year, but you will find, Sir, from the last sentence of the Statement of Objects and Reasons that "it is expected that before the expiry of this period a comprehensive measure could be introduced for the purpose." So, Sir, the provisions of this bill will be applicable till a comprehensive measure could be introduced on land question in Travancore. That is the object. That is so very evident. In spite of the statement that it is only for 12 months, we could well understand that this measure is a preliminary measure to the introduction of a comprehensive land law in Travancore, on the question of holdings, on the question of the extent of holdings and matters like that. Sir, are we to proceed on the assumption that the land policy we are proposing now requires the suspension of the proprietary rights on land? May I ask, Sir, whether we are going to initiate a comprehensive land policy like that? If so, we have to know first of all, what is the extent of land that will be affected by this measure, and what sorts of rights on land will be affected. Are we going to nationalise the whole land? Are we going to allow proprietary rights on land to individuals or corporations? Are we going to make land communes as a whole? These are all very fundamental issues, and these are to be tackled first to make the grounds firm and definite for reform.

Sir, I may be allowed to say that as far as Indians are concerned, as the old saying is, he is wedded to the soil. The ordinary citizen of India has a bond with the land he owns. The whole economic structure of the Indian Society is based on land. We need not forget this fact. There may be a necessity for a change in land policy, about the ownership or right on the land. That is a matter for serious study, before study, a matter for investigation before investigation it is a matter for collecting reliable and accurate statistics. Have we collected statistics? Have we understood the problem with all its implications? Without doing that, one fine morning to sit up and say that we are going to introduce a comprehensive reform on land ownership in the near future and that we suspend the ordinary civil law, is a tall order to take. I don't believe that this House will take up the responsibility like that. I do not think that we are in a position today to review the whole question of land ownership and that too within a short period of 12 months. That is the clear implication of the Bill and that can be understood from the objects and reasons and from the preamble in the Bill. That being so, I humbly request the House to consider whether we should accept the Bill as it is and also request the Treasury Benches to consider whether it is necessary to rush through the Bill and adopt it at once. Apart from that, this Bill was published only on the 1st of February, and brought before the Legislature within a fortnight. Sir, this legislation if brought into force will have far-reaching consequences. Moreover, it is a very

LIBRARY ARCHIVES Kerala Legislative Assembly

well established custom to publish a bill of this sort long before, so that public opinion may bear upon it. Has there been any opportunity for the public of Travancore to understand the full implications of the provisions of this Bill in all their aspects? It may be said in answer that it was published in the Government Gazette and there was time enough—bare 20 days—for the people to express themselves.

We know Sir, when the Government Gazette comes out and when it reaches all the corners of the country and how the people get an opportunity to acquaint themselves with the matter published. I need hardly say, Sir, that the mere publication in the Government Gazette would not afford sufficient opportunity for the public to express their opinion on this measure. Is three weeks' time sufficient I ask? Is this not a measure which aims at a far-reaching reform in the land policy of the State? In the context of events, as sufficient publicity was not given to this Bill, this House will not be doing right if it goes on to the further stages of the Bill. Apart from that, I would only say that the provisions, as they stand are very hard and unreasonable. We need not forget that, after all, man is a social being and he is conditioned by the social and economical environments under which he lives. There is a particular section of the people who are not accustomed to manual labour and who might not be the actual cultivators of land. Are we going to penalise them for this social habit? Is it not an economic condition and a social evil? Are we going to penalise for the past sins, for the bad start on which the society has evolved here? Is it a matter to be ignored that there are certain communities, or rather castes or sub-divisions of castes, based upon wealth and the economic structure of society? Is it right, is it legal to brand such sections of the population and to deprive them of their land?

MR. K. A. GANGADHARA MENON: Does the Hon'ble Member want to perpetuate that system of society?

MR. P. S. NATARAJA PILLAI: Certainly I don't, Sir. When I said that the structure was bad it implies that I am not in favour of its continuance. I have never said anywhere that I wanted to perpetuate the present social order. But what I want to ask you is whether you want practically to destroy a certain section of the people instead of remedying the evils from which they suffer. I again ask, Sir, are you going to penalise for the past. Is it by an economic measure that you are going to introduce social reform, I ask the Attorney-General.

MR. K. A. GANGADHARA MENON: Is their any penal provision in the Bill?

MR. P. S. NATARAJA PILLAI: If this Bill is not penal in effect, nothing else is. In the Statement of Objects and Reasons it is stated thus: "The enactment is to be in force for a period of one year. It is expected that before the expiry of this period a comprehensive measure could be introduced for the purpose." May I

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. S. Nataraja Pillai]

ask the Hon'ble Attorney-General whether he has any idea of the comprehensive measure that he is expecting to bring before this House?

MR. KRISHNAN AIYYAPPAN (*Shertalai III—General*) : ഈ ബില്ലി ന്റെ "objects and reasons"-ൽ ഈ ബില്ല്, comprehensive ആയി ട്ടുള്ള ഒരു അക്ട് വരുന്നതുവരെ നടപ്പിലായിരിക്കുമെന്ന്, ഉണ്ടോ ?

MR. P. S. NATARAJA PILLAI : As far as I can understand from the Statement of Objects and reasons, this bill will be in force till that period when a comprehensive measure affecting the land policy is brought in and made statutory. Till then, I understand, the eviction proceedings will have to be stayed. That is the clear implication. When the responsible official bench contemplates the framing of a comprehensive measure on our land policy, it is their primary responsibility to give this House an inkling or an indication of the way in which such a legislative measure is to be formulated. We are naturally anxious to know Sir, how is the proprietorship on land in Travancore going to be affected in future? I was at the point of saying, that after all man is a social being, and social conditions and environments bear upon him and as a result of the evolution of circumstances a section of people have not become tillers of the land but have become owners of land. Simply because they are not tillers of the soil but owners thereof, is it just or equitable to penalise their right to enjoy their property by an act of legislation? I hope, in view of the injustice that will be perpetrated by this radical and unwarranted measure, the House will not accept the proposition to carry the measure to further stages. If this House is to vote to refer the Bill to a Select Committee, that Select Committee will have to tour all over the State and take evidence. And, I am confident that the opinion in favour of throwing this Bill out will be overwhelming, if the views of the public are sought.

Finally, I may state, Sir, that to take an extraordinary step of this kind in the matter of legislation, sufficient publicity and sufficient time ought to have been given to the public, and then see how the public receive it. As this has not been done, I request that this Bill may be thrown out.

HON'BLE MR. A. J. JOHN : I move that the question may now be put.

The motion was put and carried.

MR. K. P. NILAKANTA PILLAI : Sir, I want to make a statement. There are members who want to speak on the several aspects of the Bill.

MR. PRESIDENT : The motion was put and carried and I am helpless in the matter.

LIBRARY ARCHIVES Kerala Legislative Assembly

HON'BLE MR. A. J. JOHN : ഈ ബില്ലിന്റെ പൊതു തത്വത്തോട് ഈ സഭയിലെ മിക്കവാറും അംഗങ്ങൾ യോജിച്ചിട്ടുണ്ട്. എന്നാൽ അതിലെ വിശദാംശങ്ങളെപ്പറ്റി ചില അഭിപ്രായവ്യത്യാസങ്ങൾ ഇടെ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതുപോലെയുള്ള ഒരു ബില്ലിൽ അഭിപ്രായവ്യത്യാസം ഉണ്ടാകുന്നതിൽ അതിശയിക്കാനില്ല. എല്ലാവരെയും തൃപ്തിപ്പെടുത്തത്തക്കവിധം ഇപ്രകാരമുള്ള ഒരു ബിൽ അവതരിപ്പിക്കാൻ സാധിക്കയില്ല. തിരുവിതാംകൂറിന്റെ നാനാഭാഗങ്ങളിൽ നിന്ന് ഇപ്രകാരമുള്ള ഒരു ബിൽ അവതരിപ്പിക്കേണ്ട ആവശ്യകതയെ ചൂണ്ടിക്കാണിച്ചുകൊണ്ട് ഗവണ്മെന്റിലേക്ക് ധാരാളം നിവേദനങ്ങൾ ലഭിച്ചുകൊണ്ടിരുന്നു. അവയെ ആദരിച്ചാണ് ഇതു് അവതരിപ്പിച്ചതു്.

MR. K. P. NILAKANTA PILLAI : ഇപ്രകാരമുള്ള ഒരു ബിൽ അവതരിപ്പിക്കണമെന്ന് ധാരാളം നിവേദനങ്ങൾ ലഭിച്ചുകൊണ്ടിരുന്നു എന്നു പറഞ്ഞുവല്ലോ. അതു് എത്രയാണെന്നു അപ്പ്രാക്സിമേറ്റായിട്ടു പറയാമോ?

HON'BLE MR. A. J. JOHN : എത്രയാണെന്നു ഓർമ്മയില്ല. വളരെ ധാരാളമുണ്ട്.

MR. K. P. NILAKANTA PILLAI : ഒരു അപ്പ്രാക്സിമേറ്റായിട്ടു പറഞ്ഞാൽ മതി. പതിനായിരമോ, ഇരുപതിനായിരമോ?

HON'BLE MR. A. J. JOHN : എത്രയാണെന്നു കണക്കെടുത്തില്ല. വളരെ അധികമുണ്ടെന്നു മാത്രമറിയാം. ഈ ബില്ലിലെ വിശദാംശങ്ങളിൽ ആവശ്യമെന്നു തോന്നുന്ന ഭേദഗതികൾ വരുത്തുന്നതിനു സെലക്ട് കമ്മിറ്റിക്കു് അധികാരമുണ്ടായിരിക്കുന്നതാണ്. അതുകൊണ്ട് ഈ മോഷൻ ഇവിടെ അവതരിപ്പിച്ചുകൊള്ളുന്നു.

I move that the Bill be referred to a Select Committee consisting of the following members:—

Messrs.

1. A. Nesamony
2. K. Velayudhan Nair
3. T. M. Varghese
4. Abdul Azeez
5. P. Chacko
6. N. P. Varghese
7. Krishnan Aiyappan
8. P C. Adichan
9. K. A. Gangadhara Menon
10. S. Nilacanta Aiyar.

The quorum may be 5.

I also move that the Standing Order 35 (2) be suspended and the Committee ordered to submit its report on Tuesday the 22nd February 1949.

LIBRARY ARCHIVES Kerala Legislative Assembly

MR. K. P. NILAKANTA PILLAI: Sir, two motions are now put together. The Hon'ble Member in charge of the Bill may be asked to put them separately.

HON'BLE MR. A. J. JOHN: ഞാൻ രണ്ടു മോഷനും ഒരുമിച്ചാണ് അവതരിപ്പിക്കുന്നത്. രണ്ടു മോഷനും ഒന്നായി അവതരിപ്പിക്കണമോ വേണ്ടയോ എന്ന് ഞാനാണ് തീരുമാനിക്കേണ്ടത്.

MR. K. P. NILAKANTA PILLAI: The House has to decide.

HON'BLE MR. A. J. JOHN: ഞാൻ ഒരുമിച്ചാണ് അവതരിപ്പിക്കുന്നത് സ്വീകരിക്കുന്നത് സഭയുടെ ഇഷ്ടം.

MR. K. P. NILAKANTA PILLAI: I am not addressing the learned Law Member. I am addressing the Chair.

MR. PRESIDENT: I will put the motion separately.

The question whether the Bill may be referred to the Select Committee consisting of members whose names have already been read was put and carried.

The Bill was referred to the Select Committee.

The question whether Standing Order 35 (2) may be suspended and the Committee asked to submit its report on Tuesday the 22nd February 1949, was put.

MR. K. P. NILAKANTA PILLAI: Sir, I may be permitted to make some observations on the second motion.

MR. PRESIDENT: I will read Rule 35 (1) and 35 (2) for the information of the House.

"35 (1) After publication in the Gazette of a Bill, as required by the Rules, the Select Committee to which the Bill has been referred shall make a report thereon.

(2) Such report shall be made not sooner than three months from the date of the first publication of the Bill in the Gazette, unless the Assembly orders the report to be made sooner:

Provided that the time-limit referred to in this sub-order shall not apply in the case of Bills imposing taxation."

MR. K. P. NILAKANTA PILLAI: ഒരു ബില്ലും ഇത്ര എളുപ്പം സെലക്ട്കമ്മിറ്റി റിപ്പോർട്ട് വരുത്തി പാസാക്കാൻ പാടില്ല എന്നാണ് രൂപകൊണ്ട് കാണുന്നത്. ഈ സഭയുടെ അനുവാദം ഉണ്ടെങ്കിൽമാത്രം ഈ രൂപിനെ വിപരീതമായി ഉടൻതന്നെ സെലക്ട്കമ്മിറ്റി റിപ്പോർട്ട് വരുത്താമെന്നും കാണുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

MR. P. S. NATARAJA PILLAI: The point of order which I raisd is whether this House has the right by a resolution to overrule any of the rules; whether this House has to function by the rules or this House can overrule the rules as they stand.

MR. PRESIDENT: This House has no right to overrule the rules.

HON'BLE MR. T. K. NARAYANA PILLAI: സർ, റൂളനുസരിച്ചുതന്നെ ഈ അവകാശം ഈ സഭയ്ക്കുതന്നെയാണ് സിദ്ധിച്ചിരിക്കുന്നത്.

Section 35 (sub-section 2) "Such report shall be made not sooner than three months from the date of the first publication of the Bill in the Gezette, unless the Assembly orders the report to be made sooner."

എന്നാണ് റൂളിൽ പറയുന്നത്. അങ്ങനെ ഈ കമ്മിറ്റിയുടെ റിപ്പോർട്ട് എത്രയും വേഗത്തിൽ സമർപ്പിക്കണമെന്നാണ് ഈ സഭ അവശ്യപ്പെടുവാൻ പോകുന്നത്. അല്ലാതെ ഈ സഭ ഇപ്പോൾ നിലവിലിരിക്കുന്ന ഒരു റൂളിനെയും മാറ്റുവാൻ പോകുന്നില്ല.

MR. K. P. NILAKANTA PILLAI: ഇത്ര വേഗത്തിൽ സെലക്ട് കമ്മിറ്റിയുടെ റിപ്പോർട്ട് വരുത്തേണ്ട അത്യാവശ്യമെന്താണ്?

HON'BLE MR. T. K. NARAYANA PILLAI: ആ ചോദ്യം ഇതുവരെ ആരും ചോദിക്കാതിരുന്നതുകൊണ്ട് അതേപ്പറ്റി പറയാതിരുന്നതാണ്. ഇത് ഒരു അടിയന്തിരകാര്യമാണെന്നും, ഇത് എത്രയുംവേഗം ഒരു നിയമം ഉണ്ടാക്കിത്തീർക്കേണ്ടതുണ്ട് രാജ്യരക്ഷയ്ക്കും സമാധാനപരിപാലനത്തിനും അത്യാവശ്യമാണെന്നും ഗവണ്മെൻറിനു ബോദ്ധ്യമായതുകൊണ്ടാണ് ഇത് വേഗത്തിൽ സെലക്ട് കമ്മിറ്റി റിപ്പോർട്ട് വരുത്തണമെന്ന് ആവശ്യപ്പെടുന്നത്.

MR. K. P. NILAKANTA PILLAI: സർ, ഈ ബിൽ പാസാക്കുന്ന കാര്യത്തിൽ ആക്ഷേപമില്ല. പക്ഷേ ഈ ബിൽ കൊണ്ടുവന്ന ബഹുമാനപ്പെട്ട മന്ത്രി പ്രസിഡൻറിൻെറ അധികാരമുപയോഗിച്ച് മൂന്നുമാസത്തിനകം റിപ്പോർട്ട് വരുത്തണമെന്നുള്ള റൂൾ സസ്പെൻറ് ചെയ്യണമെന്ന് ആവശ്യപ്പെട്ടത് എന്തിനാണെന്ന് എനിക്കു മനസ്സിലായില്ല. ഇത് ധൃതഗതിയിൽ ഒരു നിയമവും പാസാക്കുവുന്നതല്ലെന്നാണ് എൻെറ അഭിപ്രായം.

HON'BLE MR. T. K. NARAYANA PILLAI: സർ, ബില്ലിൻെറ അവതാരകൻ പ്രസിഡൻറിൻെറ അധികാരമുപയോഗിച്ച് ഈ റൂൾ സസ്പെൻറ് ചെയ്യണമെന്ന് ആവശ്യപ്പെട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

MR. PRESIDENT: Section 35 (sub-section 2) "Such report shall be made not sooner than three months from the date of the first publication of the Bill in the Gazette, unless the Assembly orders the report to be made sooner." This House has the right to order the report being made sooner, I am asking whether this House orders it.

MR. K. P. NILAKANTA PILLAI: അതു ശരിയാണ്. പക്ഷെ അതു മെമ്പർ പറഞ്ഞതു് പ്രസിഡൻറ് സ്വന്ത അധികാരമുപയോഗിച്ചു് അതു വേഗം സസ്പെൻറു ചെയ്യണമെന്നാണു്. അങ്ങനെയാണോ ഞാൻ കേട്ടതു്.

HON'BLE MR. T. K. NARAYANA PILLAI: അതുതെറ്റാണു്. സെക്ഷൻ നമ്പർ, സബ് സെക്ഷൻ നമ്പർ ഇതു സഭ സസ്പെൻറു ചെയ്യണം എന്നാണു് അല്ലാതെ, പ്രസിഡൻറിൻെറ അധികാരമുപയോഗിച്ചു സസ്പെൻറു ചെയ്യണമെന്നല്ല ബഹുമാനപ്പെട്ട ലാമെമ്പർ പറഞ്ഞതു്. അദ്ദേഹം പറഞ്ഞതു് എന്താണെന്നു കേൾക്കുവാനുള്ള ദയവു എൻെറ മാന്യ സ്നേഹിതനില്ലാതെ പോയതിൽ ഞാൻ ഖേദിക്കുന്നു.

MR. K. P. NILAKANTA PILLAI: ഞാൻ കേട്ടതിനെപ്പറ്റി പറഞ്ഞുവെന്നേയുള്ളൂ. എന്തായാലും അതു പോകട്ടെ.

ഈ മോഷൻ സ്വീകരിച്ചു് പ്രിമിയറുടെ അഭിപ്രായപ്രകാരം ഈ ബിൽ എത്രയുംവേഗം നിയമമാക്കണമെന്നാണോ നാം വിചാരിക്കേണ്ടതു്? ഒരു ബിൽ സെലക്ട്കമ്മിറ്റിക്കു പോകുന്നു അതു് ഉടൻതന്നെ വരുത്തി നിയമമാക്കുന്ന ഈ നടപടി ഈ സഭ സ്വീകരിക്കണമോ? ഇതു സംബന്ധിച്ചുള്ള എല്ലാ നിയമങ്ങളും ഉടനെ സസ്പെൻറുചെയ്തു ഇങ്ങനെ ഒരു ബിൽ സെലക്ട്കമ്മിറ്റിക്കു അയച്ചു റിപ്പോർട്ടുവരുത്തുന്നതു ഈ ഹൗസിൻെറ അന്തസ്സിനുതന്നെ ചേർന്നതാണോ? വെളിയിലുള്ള ആളുകൾ ഈ സഭയിലെ നടപടികളെപ്പറ്റി എങ്ങനെ വിചാരിക്കും? ഈ സഭയിലെ സകല രൂളുകളേയും അവഗണിച്ചു ഒരു നിയമം നടപ്പിൽവരുത്തുക. ലോകത്തു ഇവിടെ മാത്രമല്ല ലെജിസ്ലേച്ചർ ഉള്ളതു. ബാക്കിയുള്ള രാജ്യങ്ങളിലും ലെജിസ്ലേച്ചറുകൾ ഉണ്ടു്. അവിടെയുള്ളവർ നമ്മുടെ ഈ പ്രവൃത്തിയെപ്പറ്റി എന്തു വിചാരിക്കും? ലെജിസ്ലേറ്റീവു അസംബ്ളി, ഇങ്ങനെ ടെക്നിക്കലായ ചില രൂൾസ് വച്ചിരിക്കുന്നതുതന്നെ അതു എന്തു കാരണവശാലും വ്യതിചലിക്കാതെ അതേപടിതന്നെ അനുസരിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണു്. ഒരു രൂളും ഇല്ലാതെ, അല്ലെങ്കിൽ വകവയ്ക്കാതെ ഏതു സംഗതിയും പ്രൊസീഡ് ചെയ്യാമെന്നുവച്ചാൽ നമുക്കു പിന്നെ ഒരു വിലയുമില്ല.

LIBRARY ARCHIVES Kerala Legislative Assembly

രുള്ളകളൊന്നും ഗണിക്കാതെ എല്ലാ സംഗതികളും വോട്ടുകൊണ്ടു നിശ്ച യിച്ചാൽ മതിയെന്നു വയ്ക്കുന്നതു ഒരിക്കലും നീതീകരിക്കത്തക്കതുമല്ല. ഒരു റൂൾ ഉണ്ടാക്കുക, ഇഷ്ടാപോലെ അതു മാറിവയ്ക്കുക, റദ്ദാക്കുക ഇതൊക്കെ ഒരു പിടിപ്പുള്ള നടപടിയായി ആരും ഗണിക്കുകയില്ല. അതുകൊണ്ടു ഈ റൂൾ സസ്പെൻറു ചെയ്യാൻ ഈ സഭ അനുവദിക്ക ണമോ എന്നു നല്ലവണ്ണം ആലോചിച്ചതിനുശേഷമെ തീരുമാനിക്കാവു എന്നു ഞാൻ സഭയോടു അപേക്ഷിക്കുന്നു.

HON'BLE MR. A. J. JOHN : സെലക്ട് കമ്മിറ്റിയുടെ കോറം ൭ ആയിരിക്കണമെന്നുള്ള ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

HON'BLE MR. T. K. NARAYANA PILLAI: ഞാൻ അതിനെ പിൻ താങ്ങുന്നു.

The motion was put to vote and carrid.

HON'BLE MR. A. J. JOHN : I also move that Rule 55, sub-rule 2 be suspended and that the committee be ordered to submit its report on 22-2-49.

HON'BLE MR. T. K. NARAYANA PILLAI : ഞാൻ അതിനെ പിൻ താങ്ങുന്നു.

The motion was put to vote and carried.

THE TRAVANCORE PREVENTION OF EVICTION BILL.

HON'BLE MR A. J. JOHN: I beg to introduce the Travancore Prevention of Eviction Bill.

HON'BLE MR. N. KUNJURAMAN: I second it.

HON'BLE MR. A. J. JOHN: സർ, കുടികിടപ്പുകാരെ സ്വാഭാവികം കുടി യിറക്കുന്നു എന്നു തിരുവിതാംകൂറിന്റെ എല്ലാ ഭാഗങ്ങളിൽനിന്നും പരാ തികൾ ലഭിക്കുന്നുണ്ടു്. അതിനാൽ കുടികിടപ്പുകാരെ യഥേഷ്ടം കുടി യിറക്കുന്നതു തടയുന്നതിനു മതിയായ വ്യവസ്ഥകൾ ചെയ്യേണ്ട ആവശ്യം ഇപ്പോഴുണ്ടെന്നു ഗവണ്മെൻറു കരുതുന്നു. ഈ കാരണത്താ ലാണു് ഈ ബിൽ അവതരിപ്പിക്കുന്നതു്.

ബില്ലിലെ പ്രധാന വ്യവസ്ഥകൾ പ്രസ്താവിക്കാം. ഈ ആക്ടു നടപ്പിൽവരുന്ന തിയതി, കോടതികളിൽ തീരുമാനത്തിലിരിക്കുന്ന കുടി യിറക്കുസംബന്ധമായ എല്ലാ വ്യവഹാരങ്ങളിലും മറ്റു നടപടികളിലും വ്യവഹാരപ്പെട്ട സമയത്തു ഈ ആക്ടു നടപ്പിലിരുന്നാൽ ഇതിലെ വ്യവസ്ഥകൾ സംബന്ധിക്കുമായിരുന്നെങ്കിൽ, സംബന്ധപ്പെട്ട കക്ഷിക ളുടെ അവകാശങ്ങളും ബാദ്ധ്യതകളും ഈ ആക്ടിലെ വ്യവസ്ഥകൾ മൂലം നിയന്ത്രിക്കപ്പെടുന്നതാണു്.

LIBRARY ARCHIVES Kerala Legislative Assembly